ഭരണഭാഷ - മാതൃഭാഷ

നം.സി 1/63851/2018 /കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 17/02/2021
ഫോൺ-0471-2303107

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - 2021 -ലെ ഡി.പി.സി (ലോവർ) യോഗം ചേരുന്നതിന് കോൺഫിഡെൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

********

2021 വർഷത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ & ലോവർ) യോഗം ചേരുന്നതിലേയ്ക്കുള്ള കുറിപ്പിനോടൊപ്പം 2018, 2019, 2020 വർഷങ്ങളിലെ കോൺഫിഡെൻഷ്യൽ റിപ്പോർട്ട് (ഓരോ കലണ്ടർ വർഷത്തെയും പ്രത്യേകം) ആവശ്യമാണ്.

ആയതിനാൽ ജൂനിയർ സൂപ്രണ്ടുമാരുടെ മുൻഗണനാ പട്ടികയിലെ ക്രമ നം. 32 മുതൽ 52 വരെയുള്ള ജൂനിയർ സൂപ്രണ്ടുമാർ 2021 **മാർച്ച്** 2 -നു മുൻപ് കോൺഫിഡെൻഷ്യൽ റിപ്പോർട്ടും, സെൽഫ് അസെസ്മെന്റ് റിപ്പോർട്ടും നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്. നിരീക്ഷണകാലം പൂർത്തിയാക്കാത്തവരുടെയും നിശ്ചിത സമയ പരിധിക്കുള്ളിൽ കോൺഫിഡെൻഷ്യൽ റിപ്പോർട്ട് ഹാജരാക്കാത്തവരുടേയും പേരുകൾ പ്രസ്തുത ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്ന വിവരം കൂടി അറിയിക്കുന്നു. സേവനമനുഷ്ഠിക്കുന്ന തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും കോൺഫിഡെൻഷ്യൽ റിപ്പോർട്ടിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇപ്പോൾ ജോലിചെയ്യുന്ന തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ലാത്തവർ തൊട്ടുമുൻപുള്ള തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

ജൂനിയർ സൂപ്രണ്ടുമാരുടെ മുൻഗണനാ പട്ടികയിലെ എല്ലാ ജൂനിയർ സൂപ്രണ്ടുമാരും ക്രമ നം. 32 മുതൽ 52 വരെയുള്ള ഉദ്യോഗസ്ഥർ, നിശ്ചിത ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ വാർഷിക കോൺഫിഡെൻഷ്യൽ റിപ്പോർട്ട് (കലണ്ടർ വർഷം പ്രകാരം) സെൽഫ് അസെസ്മെന്റ് റിപ്പോർട്ട് സഹിതം റിപ്പോർട്ടിംഗ് ഓഫീസർമാർക്ക് (ഡെപ്യൂട്ടി ഡയറക്ടർമാർക്ക്/പ്രിൻസിപ്പാൾമാർക്ക്) അപേക്ഷ

306858
GOVERNMENT OF KERALA

സമർപ്പിക്കേണ്ടതും റിപ്പോർട്ടിംഗ് ഓഫീസർമാർ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് എല്ലാ രേഖപ്പെടുത്തലുകളും (സി.ആറിൽ 'എ' ഗ്രേഡ് അഞ്ചിൽ കൂടുതൽ രേഖപ്പെടുത്തുകയാണെങ്കിൽ അതിനുള്ള വിശദീകരണവും 'സി', 'ഡി' ഗ്രേഡുകൾ രേഖപ്പെടുത്തുകയാണെങ്കിൽ അതിനുള്ള വിശദീകരണവും ഉൾപ്പെടെ) കോൺഫിഡെൻഷ്യൽ റിപ്പോർട്ടിൽ ഉണ്ടെന്ന് ഉറപ്പുവരുത്തി, റിവ്യൂ ചെയ്ത് നിശ്ചിത സമയ പരിധിക്കുള്ളിൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.

ഒപ്പ്/-
ഷുജ ആർ.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.ടി.